"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഇരുമ്പകശ്ശേരി എ. യു. പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സ്മിത. കെ.എം. ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യു. പി ( സി ) നം. 143/2014 ഹർജിയിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 12.07.2021- തീയതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.38/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 03/01/2022

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ 12.07.2021-ലെ W.P.(C) No. 143/2014 ന്മേലുള്ള വിധിന്യായം.
2. തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20/10/2021-ലെ സി/1759/2021 നമ്പർ കത്ത്.
3. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/10/2021-ലെ ബി4/4380/2021 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ഇരുമ്പകശ്ശേരി എ. യു. പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സ്മിത. കെ.എം. ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യു. പി ( സി ) നം. 143/2014 ഹർജിയിന്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 1 വിധിന്യായത്തിൽ Ext.P7 റദ്ദാക്കുകയും ഹർജിക്കാധാരമായ വിഷയം ഹർജിക്കാരിയെയും ടി സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 01.11.2021-ന് കേട്ടു.

2. ഹർജിക്കാരിയുടെ വാദം ചുവടെചേർക്കുന്നു .

എ) ഇരുമ്പകശ്ശേരി എ. യു. പി സ്കൂളിൽ പ്രധാന അധ്യാപികയായിരുന്ന ശ്രീമതി. പ്രേമ ടീച്ചർ 31/05/2007 ന് റിട്ടയർ ചെയ്തതു മൂലമുള്ള ഒഴിവിൽ 01/06/2007 ന് യു. പി. എസ്. ടി ആയ ശ്രീമതി. എം. കെ. സീന ടീച്ചറെ ഉദ്യോഗകയറ്റം നൽകി നിയമിച്ചു. തന്മൂലമുണ്ടായ സ്ഥിരം ഒഴിവിൽ ഈ വിദ്യാലയത്തിൽ അവധി ഒഴിവിൽ തുടർന്നിരുന്ന ശ്രീമതി. ഷീജ. എൻ, യു. പി. എസ്. എ യെ മാറ്റി നിയമിക്കുകയുണ്ടായി. ഈ അധ്യാപിക ശ്രീമതി. ഷീബ കെ. ബി എന്ന അധ്യാപികയുടെ അവധി ഒഴിവിൽ തുടരുകയായിരുന്നു. ശ്രീമതി. ഷീജയെ സ്ഥിരം ഒഴിവിലേക്ക് മാറ്റി നിയമിച്ചതുമൂലം നിലവിൽ വന്ന അവധി ഒഴിവിൽ 01/06/2007 മുതൽ 31/03/2008 വരെ ഹർജിക്കാരിയെ യു. പി. എസ്. ടി ആയി നിയമിച്ചു. 2007-08 ൽ അധ്യയന വർഷത്തിൽ 04/06/2007 മുതലാണ് വിദ്യാർത്ഥികൾ സ്കൂളിൽ ഹാജരാകുകയും അധ്യയനം ആരംഭിക്കുകയും ചെയ്തതെങ്കിലും അധ്യാപകർ 01/06/2007 ന് സ്കൂളിൽ ഹാജരാകണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നു. അതുകൊണ്ട് 01/06/2007 മുതലുള്ള അധ്യാപക നിയമനങ്ങൾ അംഗീകരിക്കാമെന്നും 04/06/2007 മുതലുള്ള നിയമനങ്ങൾ ഒരു അക്കാദമിക് വർഷത്തിന്റെ നിർവചനത്തിൽപ്പെടുത്തി നിയമനാംഗീകാരം നൽകാവുന്നതാണെന്നും 09/03/2008 ലെ തിരുവനന്തപുരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച് 2/2837/2008 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു .

ബി) 12/12/2007 ലെ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കെ. ഡിസ് സി - 2832/2007 നമ്പര് ഉത്തരവു പ്രകാരം ഹർജിക്കാരിയുടെ നിയമനം 04/06/2007 മുതൽ 31/03/2008 വരെയാണ് അംഗീകരിച്ചത്. 09/03/2008 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലറിലെ നിർദ്ദേശം അനുസരിച്ച് ഒരു അക്കാദമിക് വർഷത്തിന്റെ നിർവചനത്തിൽ ഈ നിയമനാംഗീകാരം ഉൾപ്പെടുന്നു എന്നതുകൊണ്ട് കേരള വിദ്യാഭ്യാസ നിയമം അധ്യായം 14 ( എ ) യിൽ റൂൾ 51 എ പ്രകാരമുള്ള പുനർ

നിയമനത്തിനുള്ള മുൻഗണനാവകാശം ഹർജിക്കാരിക്ക് ലഭിച്ചിട്ടുണ്ട് .

സി) ഈ വിദ്യാലയത്തിലെ ശ്രീമതി. കെ. വി. ഷീബ യു. പി. എസ്. എ 20/04/2008 മുതൽ 09/06/2010 വരെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയുണ്ടായി. ഈ അവധി ഒഴിവിൽ 02/06/2008 മുതൽ 08/06/2010 വരെ ഹർജിക്കാരിയുടെ നിയമനം 20/07/2011 ലെ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കെ. ഡിസ്. സി 3519/2008 നമ്പർ ഉത്തരവു പ്രകാരം അംഗീകരിക്കുകയും ചെയ്തു. 2008-09 അധ്യയന വർഷത്തിൽ 01/06/2008 ഞായറാഴ്ച്ച പൊതു അവധി ആയതിനാൽ 02/06/2008 മുതലാണ് വിദ്യാലയങ്ങൾ മധ്യവേനലവധിക്കു ശേഷം പ്രവർത്തനം ആരംഭിച്ചത്. 02/06/2008 മുതലുള്ള ഹർജിക്കാരിയുടെ ഈ നിയമനം 3 വർഷങ്ങൾക്കു ശേഷം 02/07/2011 ൽ ആണ് അംഗീകരിച്ചത്. ഇതിനിടെ 01/06/2010 മുതൽ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 30/11/2010 തിയ്യതിയിലെ കെ. ഡിസ് - സി - 2750/10 നമ്പർ തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം 2 അധിക യു. പി. എസ്. ടി തസ്തികകൾ അനുവദിക്കുകയുണ്ടായി.

ഡി) റൂൾ 51 ( എ ) അനുസരിച്ച് നിയമനത്തിന് മുൻഗണനാവകാശം ഉണ്ടായിരുന്ന ഹർജിക്കാരിയുടെ നിയമനം 01/06/2010 മുതലുള്ള അധിക തസ്തികയിലേക്ക് മാറ്റി നിയമനം നൽകുകയുണ്ടായി. 01/06/2010 ൽ ഹർജിക്കാരിക്ക് നിയമനം നൽകുന്ന അവസരത്തിൽ 02/06/2008 മുതൽ ഹർജിക്കാരി തുടർന്നു വന്നിരുന്ന അവധി ഒഴിവിലെ നിയമനം അംഗീകരിച്ചിട്ടുമില്ലായിരുന്നു.

ഇ) 12/01/2010 തിയ്യതിയിലെ സർക്കാർ ഉത്തരവ് ( പ്രിന്റ് ) 10/10/പൊ. വി.വ ഉത്തരവ് പ്രകാരം 2006-07 മുതൽ 2009-10 വരെ അധിക ഡിവിഷൻ ഒഴിവുകളിൽ നിയമിതരായവർക്ക് തുല്യഎണ്ണം സംരക്ഷിത അധ്യാപകരെ 2010-11 മുതൽ നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 20/1/2011 ലെ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കെ. ഡിസ്. സി 2518/10 നമ്പർ ഉത്തരവു പ്രകാരം 01/06/2010 മുതലുള്ള അധിക തസ്തികയിലെ തന്റെ നിയമനം 12/01/2010 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംരക്ഷിത അധ്യാപകനെ നിയമിക്കേണ്ടതാണെന്നുള്ള കാരണത്താൽ നിരസിക്കയാണുണ്ടായത്.

എഫ്) അധ്യാപക പാക്കേജിന്റെ ഭാഗമായി ഹർജിക്കാരിയുടെ നിയമനം 01/06/2011 മുതൽ 19/12/2011 തിയ്യതിയിലെ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സി - 6218/2011 നമ്പർ ഉത്തരവു പ്രകാരം അംഗീകരിക്കുകയുണ്ടായി. 01/06/2011 മുതൽ തുടർച്ചയായി ഹർജിക്കാരി ജോലിയിൽ തുടർന്നു വരുന്നു.

ജി) 12/01/2010 ലെ സർക്കാർ ഉത്തരവിനു മുൻപു തന്നെ 04/06/2007 മുതൽ നിയമനാംഗീകാരം ഉള്ള ഹർജിക്കാരി സ്ഥിരം ഒഴിവിൽ പുനർനിയമനം ലഭിക്കുന്നതിനുള്ള അവകാശം കെ. ഇ. ആർ അധ്യായം 14 ( എ ) യിൽ റൂൾ 51 ( എ ) പ്രകാരം സിദ്ധിച്ചിട്ടുള്ള ആളാണ്. ഇവക്കെല്ലാം ഉപരി 12/01/2010 ലെ സർക്കാർ ഉത്തരവ് 10/10 പ്രകാരം 2006-07 മുതൽ 2009-10 വരെ അധിക തസ്തികയിൽ നിയമനം നൽകിയിട്ടുള്ള അധ്യാപകർക്ക് തത്തുല്യമായ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്നുള്ള വ്യവസ്ഥക്കെതിരെ ബഹു. സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസിൽ നാളിതുവരെ ഉത്തരവുമുണ്ടായിട്ടില്ല. മാത്രവുമല്ല അധിക തസ്തികകളിലെ നിയമനങ്ങൾക്ക് തത്തുല്യമായി സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ 28/01/2016 വരെയുള്ള അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങൾക്ക് കൂടി ബാധകമാക്കിയ 11/09/2018 ലെ 100/ ജെ 2/2017/പൊ. വി. വ നമ്പർ ഉത്തരവു പോലും സുപ്രീംകോടതിയുടെ കേസ് നിലനിൽക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതില്ലെന്ന് 31/08/2019 ലെ സർക്കാർ ഉത്തരവ് ( കൈ ) നം. 135/2019 നമ്പർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

എച്ച്) മുകളിൽ വിവരിച്ചിട്ടുള്ള വസ്തുതകളിൽ നിന്ന് 12/01/2010 ലെ സ. ഉ.(പ്രിന്റ് ) 10/10/പൊ.വി.വ ഉത്തരവു പ്രകാരം 01/06/2010 മുതൽ ഹർജിക്കാരിക്ക് അർഹതപ്പെട്ട നിയമനാംഗീകാരം നിരസിച്ച ഉത്തരവ് പുന : പരിശോധിക്കണമെന്നും 01/06/2010 മുതൽ 31/05/2011 വരെയുള്ള ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുന്നതിന് തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകണമെന്നും അപേക്ഷിക്കുന്നു .

3. ഇക്കാര്യത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" എ) പാലക്കാട് ജില്ലയിലെ തൃത്താല ഉപജില്ലയുടെ പരിധിയിൽ വരുന്ന എ. യു. പി . എസ് ഇരുമ്പകശ്ശേരിയിൽ 2009-10 വർഷത്തിൽ ഒരു യു. പി. എസ്. ടി അധിക തസ്തികയും ജി. ഒ. പി. 10/2010/പൊ.വി.വ തീയതി 12/01/2010 പ്രകാരം അംഗീകരിക്കുകയുണ്ടായി. ഈ ഉത്തരവ് പ്രകാരം അധിക തസ്തികകളിൽ 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കാൻ അനുശാസിക്കുന്നുണ്ട്. 2009-10 വർഷം അനുവദിച്ച ആദ്യ തസ്തികയിൽ സ്കൂൾ മാനേജർ ശ്രീ . ഉദയശങ്കർലാൽ എന്നയാളെ നിയമിക്കുകയും ചെയ്തു. 2010-11 ൽ അനുവദിച്ച രണ്ടാമത്തെ അധിക തസ്തികയിൽ ജി. ഒ (പി ) 10/2010 തീയതി 12/01/2010 പ്രകാരം സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനു പകരം 01/06/2010 മുതൽ ഹർജിക്കാരിയായ ശ്രീമതി. കെ. എം. സ്മിതയെയാണ് സ്കൂൾ മാനേജർ നിയമിച്ചത്. ഈ നിയമനം ജി. ഒ ( പി ) 10/2010/ പൊ.വി.വ തീയതി 12/01/2010 ന്റെ ലംഘനമായതിനാൽ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സി/2518/2010 തീയതി 20/01/2011 പ്രകാരം നിരസിക്കുകയുണ്ടായി .

ബി) ശ്രീമതി. എം. കെ. സീന, യു. പി. എസ്. ടി യെ സ്കൂൾ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ലീവ് സബ്സ്റ്റിറ്റ്യൂട്ട് ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി. എൻ. ഷീജയെ ഷിഫ്റ്റ് ചെയ്ത് റഗുലർ അടിസ്ഥാനത്തിൽ നിയമിച്ചത് കാരണം ഉണ്ടായ ഒഴിവിൽ 04/06/2007 മുതൽ 31/03/2008 വരെ ശ്രീമതി. കെ. എം. സ്മിതയെ ലീവ് സബ്സ്റ്റിറ്റ്യൂട്ട് യു. പി. എസ്. എ ആയി നിയമിച്ചത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സി / 2832/2007 തീയതി 17/12/2007 പ്രകാരം അംഗീകരിക്കുകയും, കൂടാതെ, ശ്രീമതി. ഷീബ യു. പി. എസ്. എ ശൂന്യവേതനാവധി എടുത്ത ഒഴിവിൽ 02/06/2008 മുതൽ 08/06/2010 വരെയുള്ള കാലയളവിൽ ശ്രീമതി. കെ. എം. സ്മിതയെ ലീവ് സബ്സ്റ്റിറ്റ്യൂട്ട് ആയി നിയമിച്ചത് തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 20/07/2011 ലെ കെ. ഡിസ്. സി/3518/2008 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സി) ഒന്നാം ഖണ്ഡികയിലെ വിവരണ പ്രകാരം, ശ്രീമതി. കെ. എം. സ്മിതയുടെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കാത്ത സാഹചര്യത്തിൽ, അധിക തസ്തികകളിൽ അംഗീകാരമില്ലാതെ സേവനമനുഷ്ഠിക്കുന്ന അധ്യാപകരെ, ജി. ഒ.( പി ) 199/2011/പൊ.വി.വ തീയതി 01/01/2011 ലെ അധ്യാപക പാക്കേജ് ഉത്തരവ്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/12/2011 തീയതിയിലെ എച്ച് 2/35920/2011/ ഡി. പി. ഐ നമ്പർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീമതി. കെ. എം. സ്മിതയ്ക്ക് 01/06/2011 മുതൽ തുടർച്ചയായി നിയമനാംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.

ഡി) ജി. ഒ ( പി ) നം. 10/2010/പൊ.വി.വ തീയതി 12/01/2010 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിതാധ്യാപകരെ മാത്രം അധിക തസ്തികകളിൽ നിയമിക്കുന്നതിന് അനുശാസിക്കുന്നതിനാലും, മതിയായ രേഖകൾ പൂർണ്ണമായും പൂരിപ്പിക്കാത്തതിനാലും / സമർപ്പിക്കാത്തതിനാലുമാണ് ശ്രീമതി. കെ. എം. സ്മിതയെ 01/06/2010 മുതൽ മാനേജർ നിയമിച്ചത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കെ. ഡിസ്/സി/2518/2010 തീയതി 20/01/2011 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ച് നൽകിയത് എന്ന് അറിയിച്ചിരിക്കുന്നു.

ഇ) 01/06/2010 മുതൽ ഉള്ള നിയമനം നിരസിച്ചതിനെതിരെ ശ്രീമതി. സ്മിത യുടെ 12/03/2012 ലെ സർക്കാരിലേയ്ക്കുള്ള അപേക്ഷയിൽ 04/07/2013 തീയതിക്ക് 46220/ ബി 3/2012/ പൊ . വി . വ നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്. 2010-11 വർഷത്തിൽ അനുവദിച്ച അഡീഷണൽ ഡിവിഷൻ വേക്കൻസിയിൽ 01/06/2010 മുതൽ നിയമിതയായ ശ്രീമതി. സ്മിതയുടെ പ്രൊപ്പോസലിൽ മതിയായ രേഖകൾ പൂർണ്ണമായി സമർപ്പിക്കാത്തതിനാലും, 2008-09, 2009-10, 2010-11 വർഷങ്ങളിൽ അനുവദിച്ച അഡീഷണൽ ഡിവിഷനുകൾക്ക് തുല്യമായി സ. ഉ.( പി ) നം. 10/2010/പൊ.വി.വ തീയതി 12/01/2010 പ്രകാരം മാനേജർ സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടിയിരുന്നതിനാലാണ് ടിയാരിക്ക് അംഗീകാരം നൽകാതിരുന്നത്. കൂടാതെ ശ്രീമതി. സ്മിതയ്ക്ക് 01/06/2011 മുതൽ അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. അങ്ങനെയുള്ളവരുടെ മുൻകാല നിയമനം കെ. ഇ. ആർ പരിഷ്കരണത്തിനു ശേഷം പരിശോധിക്കുന്നതാണ് എന്നും ആയതിനാൽ 01/06/2010 മുതൽ അംഗീകാരം നൽകണമെന്ന ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ല എന്നുമാണ് പ്രസ്തുത കത്തിൽ അറിയിച്ചിരിക്കുന്നത്.

4. സർക്കാർ ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2010-11 വർഷത്തിൽ അനുവദിച്ച അഡീഷണൽ ഡിവിഷൻ വേക്കൻസിയിൽ 01/06/2010 മുതൽ നിയമിതയായ ഹർജിക്കാരി ശ്രീമതി. സ്മിതയുടെ നിയമനം അംഗീകരിക്കണമെന്ന ആവശ്യമാണ് ഉന്നയിച്ചിട്ടുള്ളത്. പുതുതായി ആരംഭിച്ചതോ അപ് ഗ്രേഡ് ചെയ്തതോ ആയ സ്കൂളാണിതെന്ന് വിദ്യാഭ്യാസ ഓഫീസർമാരാരും പ്രസ്താവിച്ചിട്ടില്ല. 04/06/2007 മുതൽ 31/03/2008 വരെയും 02/06/2008 മുതൽ 08/06/2010 വരെയും ശ്രീമതി. കെ.എം.സ്മിതയെ ലീവ് സബ്സ്റ്റിറ്റ്യൂട്ട് ആയി നിയമിച്ചത് തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചതായി റിപ്പോർട്ടുണ്ട്. അങ്ങനെയെങ്കിൽ ഹർജിക്കാരി ഒരു 51എ അവകാശിയാണ്. 2010-11 വർഷത്തിൽ അനുവദിച്ച അഡീഷണൽ തസ്തികയിൽ ഒരു 51എ അവകാശിയുടെ പുനർനിയമനം നിരോധിച്ചുകൊണ്ട് യാതൊരു നിർദ്ദേശവും സർക്കാരിൽ നിന്നും നൽകപ്പെട്ടിട്ടില്ല. അഥവാ, അങ്ങനെയൊരു പൊതുനിർദ്ദേശം ഉള്ളതായി വിദ്യാഭ്യാസ അധികൃതർ ചൂണ്ടിക്കാട്ടിയിട്ടുമില്ല. അതുകൊണ്ട്, അടിസ്ഥാനരഹിതമായി നിയമനം നിരസിച്ച വിദ്യാഭ്യാസ ഓഫീസറുടെ നടപടി ശരിയല്ല എന്നു കാണുന്നു.

5. മേൽ വിവരിച്ച സാഹചര്യത്തിൽ, 51എ അവകാശിയായ ഹർജിക്കാരിയെ 01/06/2010 മുതൽ പുനർനിയമിച്ച് മാനേജർ നിയമന പ്രൊപ്പോസൽ ഹാജരാക്കിയിട്ടുണ്ടെങ്കിൽ, പ്രസ്തുത ഒഴിവ് വ്യവസ്ഥാപിതമാണെന്നും മറ്റ് അവകാശികളില്ലായിരുന്നു എന്നും ഉള്ള കാര്യങ്ങൾ ഉറപ്പുവരുത്തിയും മറ്റുവിധത്തിൽ യോഗ്യമെങ്കിലും, തത്സമയം നിലവിലിരുന്ന (ഭേദഗതി വരുത്തുന്നതിനു മുമ്പുള്ള) കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം.12B അനുസരിച്ച് നിയമനത്തീയതി മുതൽ അംഗീകരിച്ചു നൽകുന്നതിനുള്ള നിർദ്ദേശം തൃത്താല ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 1 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല, പാലക്കാട് ജില്ല.
മാനേജർ, എ. യു. പി സ്കൂൾ, ഇരുമ്പകശ്ശേരി, പാലക്കാട്.
ശ്രീമതി.സ്മിത. കെ.എം,അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,എ. യു. പി സ്കൂൾ, ഇരുമ്പകശ്ശേരി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 04-01-2022 10:38:53
Reason: Approved

സെക്ഷൻ ഓഫീസർ